നമ്മുടെ ജനങ്ങളിൽ പതിനെട്ടുശതമാനം പേർ പതിനഞ്ചു വയസിൽ താഴെയുള്ളവരാണെന്നു കണക്കാക്കപ്പെടുന്നു. ഇവരുടെ തനതായ, പ്രത്യേകമായ താൽപര്യങ്ങൾ കണ്ടറിഞ്ഞ് ഇവർക്കുവേണ്ടിയുള്ള സാഹിത്യം കരുപ്പിടിച്ചെടുക്കാൻ ആരും ശ്രമിച്ചുകാണുന്നില്ല. ബാല്യവും കൗമാരവും നഷ്ടപ്പെടുന്ന ലക്ഷക്കണക്കിനു കുട്ടികൾ. ജീവിത ഭാരം ചുമന്നുചുമന്ന് ഇളം വയസിൽത്തന്നെ മോഹങ്ങൾ കുരുടിച്ചുപോകുന്ന നിർഭാഗ്യവാന്മാർ. കുട്ടികളുടെ ആവശ്യങ്ങൾ ഇന്നതെല്ലാമാണെന്നു മുതിർന്നവരാണല്ലൊ ഇവിടെ തീരുമാനിക്കുന്നത്! ബാലസാഹിത്യം എന്ത്, എങ്ങനെ? അതിന്റെ ശാഖോപശാഖകൾ പടർന്നു പന്തലിച്ചതെങ്ങനെ? ആ സാഹിത്യശാഖയുടെ ഭാവി എത്രമാത്രം ശോഭനമാണ്? ഇലക്ട്രോണിക്സ് യുഗത്തിൽ വന്നെത്തി നില്ക്കുന്ന ബാലസാഹിത്യത്തിന് ഒരു മുഖവുര.

ബാലസാഹിത്യം: ഒരു മുഖവുര

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

കഥ പറയാനും അതു കേൾക്കാനുമുള്ള താല്പര്യം മനുഷ്യർക്കു ജന്മസിദ്ധമാണ്. ശൈശവത്തിൽ ആരംഭിക്കുന്ന ഈ കൗതുകം വാർദ്ധക്യത്തിൽ പരിക്ഷീണമായി, മങ്ങിമായുന്നതുവരെ, നിലവിലിരിക്കുന്നു. ഈ സ്വഭാവസവിശേഷതയെ ആരോഗ്യകരമായവിധത്തിൽ വളർത്തിയാൽ അറിവും ആനന്ദവുമരുളുന്ന അനർഘനിമിഷങ്ങൾ എന്നും കണ്ടെത്തുവാനൊക്കും. ബാല്യകൗമാരദശകളിലാണ് ഈ കരണശക്തി (Faculty)ഏറ്റവും ഉജ്ജ്വലമായി പ്രകാശിക്കുന്നത്. ഭാവനയും യാഥാർഥ്യവും തമ്മിലുള്ള അതിർത്തി ഈ കാലങ്ങളിൽ കാര്യമായിട്ടില്ല. ഭാവനയെ ഉദ്ദീപിപ്പിക്കുന്ന ഏതു വിഭവവും സ്വാഗതാർഹമായിത്തീരുന്നു.

ഭാഗ്യദോഷികൾ

നമ്മുടെ ജനങ്ങളിൽ പതിനെട്ടുശതമാനത്തോളം പേർ പതിനഞ്ചുവയസിൽ താഴെയുള്ളവരാണെന്നാണു കണക്കാക്കിയിട്ടുള്ളത്. ഇവരുടെ തനതായ, പ്രത്യേകമായ ആവശ്യങ്ങൾ വിശകലനംചെയ്തു മനസിലാക്കി പ്രസക്തങ്ങളായ നടപടികൾ സാഹിത്യരംഗത്തു സ്വീകരിക്കുവാൻ ബോധപൂർവമുള്ള ഏർപ്പാടുകൾ താരതമ്യേന കുറവാണ്. പതിനെട്ടു ശതമാനത്തിൽപെടുന്ന ഈ വിഭാഗമാണ് ഏറ്റവും കൂടുതൽ അവഗണനയ്ക്കു വിധേയരായിട്ടുള്ളത്. ജീവിക്കുന്നതിനു നിർബന്ധിതമായിത്തീരുന്ന സാമൂഹ്യ പശ്ചാത്തലം വരുത്തുന്ന വൈരുദ്ധ്യങ്ങൾകാരണം, ബാല്യവും കൗമാരവും നഷ്ടപ്പെടുന്ന എത്രയോലക്ഷം കുട്ടികളുണ്ട്, നമ്മുടെ നാട്ടിൽ! എടുക്കാൻ വയ്യാത്ത ചുമടുചുമക്കുവാൻ നിർബന്ധിതരായിത്തീരുന്ന ഭാഗ്യദോഷികളാണിവർ. പ്രായമെത്തുന്നതിന് എത്രയോ മുമ്പു പ്രായംചെന്നവരുടെ ചുമതലകൾ ചുമലിൽ വീഴുന്നതിനാൽ, ബാല്യം കൈമോശം വന്നവർ.

കുട്ടികളുടെ ആവശ്യങ്ങൾ ഇന്നതെല്ലാമാണെന്നും, അവ തൃപ്തിപ്പെടുത്തുന്നതിന് ഇന്നതൊക്കെ ചെയ്താൽ മതിയെന്നും മുതിർന്നവർ തങ്ങളുടെ അറിവും അനുമാനങ്ങളും വിശ്വാസങ്ങളും അടിസ്ഥാനമാക്കി തീരുമാനിക്കുന്നു.

ഇവയിലേറെയും അടിസ്ഥാനമില്ലാത്ത മുൻവിധികളാണ്. ശാസ്ത്രത്തിന്റെ മുന്നേറ്റംകൊണ്ട്, കുട്ടികളുടെ ലോകത്തെക്കുറിച്ചു കൂടുതൽ വസ്തുനിഷ്ഠങ്ങളായ വസ്തുതകൾ മനസിലാക്കുന്നതിനു കുറെയൊക്കെ ഇന്നു കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസ മനഃശാസ്ത്രവും ബാല മനഃശാസ്ത്രവും ശാസ്ത്രീയമായ മറ്റ് അന്വേഷണങ്ങളുമൊക്കെ, പുതിയ ഉൾക്കാഴ്ചയുണ്ടാക്കാൻ ഉതകുന്നുണ്ട്. ബാല്യകൗമാരപ്രായക്കാരുടെ വിദ്യാഭ്യാസം, പാഠ്യപുസ്തകങ്ങൾ, വിനോദങ്ങൾ, കായികവിനോദകാര്യങ്ങൾ തുടങ്ങിയവയിൽ വന്നിട്ടുള്ള മാറ്റങ്ങൾക്ക് അടിസ്ഥാനം മുകളിൽ പറഞ്ഞ അറിവുകളെ ആസ്പദമാക്കിയുള്ള പുനർനിർമ്മാണ പ്രയത്നത്തിനുള്ള താല്പര്യമാണ്.

പഠിക്കേണ്ടത് എന്തൊക്കെയെന്നും അവ എപ്രകാരം സാധിക്കണമെന്നും ഗുരുകുല

വിദ്യാഭ്യാസസമ്പ്രദായത്തിൽ പക്ഷപാതിയും അനാസക്തനും ധർമ്മബോധനിഷ്ഠനുമായ ഗുരു ആയിരുന്നു നിശ്ചയിച്ചിരുന്നത്. വിദ്യാഭ്യാസം സർക്കാരിന്റെ ചുമതലയിൽ പെട്ടതോടെ ആ ഉത്തരവാദിത്വം അവരുടേതു മാത്രമായി. മാതാപിതാക്കന്മാർക്കുപോലും ആ സംവിധാനത്തിൽ പരോക്ഷമായ ഉത്തരവാദിത്വമേയുള്ളു.

സാധാരണ ഭരണകാര്യങ്ങളിൽ സർക്കാർ സഹിക്കേണ്ടുന്ന എല്ലാ സമ്മർദ്ദങ്ങളും സ്വാഭാവികമായും വിദ്യാഭ്യാസപദ്ധതിയിലും പ്രതിഫലിക്കുന്നു. അധിക വായനയ്ക്കോ, അനൗപചാരിക പഠനങ്ങൾക്കോ മാത്രമേ സർക്കാർ നിർദ്ദേശിക്കാത്ത പുസ്തകങ്ങൾ വിദ്യാർഥികൾക്കു സ്വീകരിക്കാനാവൂ. വിപണിയിൽ ലഭ്യമാകുന്ന ബാലസാഹിത്യകൃതികളാണ് ഇതിന് ഉതകുന്നത്.

പാഠ്യപദ്ധതിയുടെ പരിധിയിൽപെടാത്ത ഇത്തരം ഗ്രന്ഥങ്ങളാണ്, പാരായണപ്രിയരായ കുട്ടികളെ വലിയതോതിൽ സ്വാധീനിക്കുന്നത്. ഇതിൽനിന്നു ബാലസാഹിത്യകൃതികളുടെ ഇന്നത്തെ പ്രസക്തിയും പ്രാധാന്യവും പ്രത്യക്ഷമാണ്.

ചരിത്രം

ചരിത്രപരമായി പരിശോധിച്ചാൽ, ബാലസാഹിത്യത്തിന്റെ പ്രാരംഭം ഭാരതത്തിലാണെന്നുപറയാൻ പ്രയാസമില്ല. ബാലസാഹിത്യത്തിന്റെ ഏറ്റവും ആദ്യത്തെ മാതൃകകളാണു ജന്തുകഥകൾ. ഭാരതത്തിലെ അറിയപ്പെടുന്ന ഏറ്റവും പ്രാചീനമായ ജന്തുകഥ വേദങ്ങളിലാണ് ഉള്ളത്. ഉപനിഷത്കാലത്ത് ഈ രൂപം കൂടുതൽ രൂഢമൂലമായി. ഇങ്ങനെയുള്ള ഏറ്റവും പഴയ ജന്തുകഥാമാതൃക, ഛാന്ദോഗ്യോപനിഷത്തിലാണുള്ളത്. (ഛാന്ദോഗ്യം - I, 12, 1–5).

ജാതകകഥകൾ, രാമായണം, മഹാഭാരതം, പഞ്ചതന്ത്രം, കഥാസരിത്സാഗരം, ശുകസപ്തതി തുടങ്ങിയവയിലെല്ലാം മനുഷ്യസ്വഭാവം ആരോപിച്ച ജീവജാലങ്ങളെ കഥാപാത്രങ്ങളാക്കിയിട്ടുണ്ട്. അഞ്ഞൂറിൽപരം കഥകൾ ഇരുപത്തിരണ്ടു ഭാഗങ്ങളിലാക്കി സമാഹരിച്ചിരിക്കുകയാണു ജാതകകഥകളിൽ. ലോകത്തിലെ മറ്റൊരു കൃതിക്കും അവകാശപ്പെടാനില്ലാത്ത ചരിത്രമാണു പഞ്ചതന്ത്രത്തിനുള്ളത്. ഇതിന്റെ ഇരുനൂറിലേറെ പാഠഭേദങ്ങൾ, അമ്പതിലേറെ ഭാഷകളിലുണ്ട്. അവയിൽ മുക്കാൽപങ്കും ഭാരതേതരഭാഷകളുമാണ്! പതിനൊന്നാം നൂറ്റാണ്ടുമുതൽ, പാശ്ചാത്യദേശത്ത് അതു പ്രചുര പ്രചാരത്തിലെത്തിയെന്നുപറയാം.

പതിനാറാം നൂറ്റാണ്ടായപ്പോഴേക്കും ഏതാണ്ട് എല്ലാ പാശ്ചാത്യഭാഷകളിലും പരിഭാഷകളുണ്ടായി. യൂറോപ്പിൽ അച്ചടിച്ച ആദ്യകാലകൃതികളിലൊന്നു പഞ്ചതന്ത്രത്തിന്റെ ജർമ്മൻ തർജ്ജമയായിരുന്നു!


ആദികാവ്യമായ രാമായണം, ലവകുശന്മാരെ കണ്ടുകൊണ്ടാണല്ലോ വാല്മീകി മഹർഷി ചമച്ചത്. ആ കുട്ടികളാണ് ആ കാവ്യം ആദ്യം പാടിനടന്നതും! അനുവാചകന്റെ നിലവാരമനുസരിച്ചു സ്വീകരിക്കാനും സ്വാംശീകരിക്കാനും വ്യാഖ്യാനിക്കാനും സാധിക്കുന്ന സത്യസൗന്ദര്യങ്ങൾ രാമായണകഥയിൽ കവി നിക്ഷേപിച്ചിട്ടുണ്ട്. പണ്ഡിത പാമര വൃത്യാസമില്ലാതെ സർവ ജനങ്ങളിലേക്കും രാമായണം വ്യാപിച്ചത് അക്കാരണത്താൽത്തന്നെ. ആബാലവൃദ്ധം ജനങ്ങൾക്കും രാമായണത്തിന്റെ ലോകത്തിൽ ഒരിടം കിട്ടുന്നു!

ലോക ജന്തുകഥാ ശാഖയ്ക്കു പ്രചോദനവും വഴികാട്ടിയുമായി വർത്തിച്ചത് ജാതക കഥകൾ, പഞ്ചതന്ത്രം, ഹിതോപദേശം, കഥാസരിത്സാഗരം, ശുകസപ്തതി തുടങ്ങിയവയാണെന്ന് പണ്ഡിതന്മാർ പറയുന്നു.

ബാലസാഹിത്യകൃതി

ലോകജന്തു കഥാശാഖയ്ക്ക് (Fables)പ്രചോദനവും, കുറെയൊക്കെ വഴികാട്ടികളുമായി വർത്തിച്ചതു ജാതകകഥകൾ, പഞ്ചതന്ത്രം, ഹിതോപദേശം, കഥാസരിത് സാഗരത്തിലെ ചില കഥകൾ, ശുകസപ്തതി തുടങ്ങിയവയാണെന്നു പണ്ഡിതന്മാരുടെ ഇടയിൽ ശക്തമായ അഭിപ്രായമുണ്ട്. പഞ്ചതന്ത്രം, മനഃപൂർവം ചമച്ച ഒരു ബാലസാഹിത്യകൃതിയാണെന്ന് അതിൽത്തന്നെ വ്യക്തമാക്കിയിട്ടുണ്ട്. നേരത്തെ സൂചിപ്പിച്ചതുപോലെ ഇത്രയുംപ്രചാരം നേടിയിട്ടുള്ള മറ്റൊരു ബാലകൃതിയില്ല.

അറബിനാടുകളിലും ആ വഴിക്കു യൂറോപ്പിലും എത്രയോ ഭാരതീയ കഥകൾ വാമൊഴിയായും പിന്നെ രൂപഭാവപരിവർത്തനങ്ങൾക്കു വിധേയമായി വരമൊഴിയായും പ്രചരിച്ചു. ക്രിസ്തുവിന്റെ ജനനത്തിന് എത്രയോ നൂറ്റാണ്ടുകൾ മുമ്പു ബുദ്ധമതം കിഴക്കനേഷ്യൻ നാടുകളിലും ചൈനയിലും എത്തിയപ്പോൾ അതോടൊപ്പം ഭാരതീയ സാരോപദേശകഥകളും പ്രചരിക്കുകയുണ്ടായി. ബി. സി. ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നതായി കരുതപ്പെടുന്ന ഈസോപ്പിന്(Aesop–6th Cent) 800 - 1000 വർഷം മുമ്പുള്ളതായി തിട്ടപ്പെടുത്തിയിട്ടുള്ള ഈജിപ്തിലെ ഹസ്തലിഖിത പാപ്പൈറസുകളിൽ ഇന്ത്യയിലെ ജന്തുകഥകൾ കണ്ടിട്ടുള്ളതായി പണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ കിഴക്കും പടിഞ്ഞാറുമെല്ലാം വ്യാപിക്കുക മാത്രമല്ല, അവിടങ്ങളിലെ കഥാസാഹിത്യത്തെ സ്വാധീനിക്കാനും പോഷിപ്പിക്കുവാനും ഭാരതീയ കഥകൾക്കു സാധിച്ചിരിക്കുന്നു.



കോന്നിയൂർ നരേന്ദ്രനാഥ്

ജന്തുകഥകൾ

മധ്യകാലയൂറോപ്പിലെ ജന്തുകഥകളെ ഇന്ത്യൻകഥകൾ സ്വാധീനിച്ചിട്ടുണ്ടെന്നുള്ളതു പൊതുവെ അംഗീകരിക്കപ്പെടുന്നു. എന്നാൽ, ചരിത്രപരമായി ഈ കഥാരൂപം ആരംഭിച്ചത് എവിടെയാണെന്നകാര്യത്തിൽ പണ്ഡിതന്മാരുടെ ഇടയിൽ രണ്ടുപക്ഷമുണ്ട്. ഒന്ന് ഗ്രീസിലാണെന്നും; മറ്റേതു ഭാരതത്തിലാണെന്നുമുള്ളതാണ് അവ.

അറബിക്കഥകൾ

മസൂദി എന്ന അറബി ചരിത്രകാര (Masudi–the Arabian Herodotus)ന്റെ അഭിപ്രായത്തിൽ അറബിക്കഥകൾ (Arabian Nights)ഭാരതീയ കഥാകഥനശൈലിയുടെ സ്വാധീനം സ്വീകരിച്ചാണ് ഉണ്ടാക്കിയിട്ടുള്ളത്. എ.ഡി. 226 - 641 കാലത്തു പേർഷ്യയിൽ അധികാരത്തിലിരുന്ന സഡാനിയൻ വംശത്തിലെ ഒരു രാജാവിന്റെ (King Khusru Anushirvan 537 – 79) നിർദ്ദേശമനുസരിച്ചാണു പഞ്ചതന്ത്രം പൂർണമായി പെഹ്ലവിയിലേക്ക്(by Barzuyeh or Burozoe)വിവർത്തനം ചെയ്തത്. എ. ഡി. 570-നു ശേഷം അറബി (by Abadallah ibn al Muquaffa)പേർഷ്യൻ, സിറിയക്(by Bud) ഹീബ്രു (by Rabbi Joel, 12th cent)ലാറ്റിൻ (by John capua–1263),ജർമ്മൻ (by Antonius von Pffor–1453), സ്പാനീഷ് (by Firenzuola–1548), ഫ്രഞ്ച് (by Doni–1552) എന്നിങ്ങനെ തർജ്ജമ വന്നു. ഇവയൊക്കെ പെഹ്ലവി പരിഭാഷയെ പ്രത്യക്ഷമായോ പരോക്ഷമായോ ആശ്രയിച്ചുള്ള പരിശ്രമങ്ങളായിരുന്നു.

മംഗോളിയൻ ഭാഷയിലെ കൃതി 1280-ആണുണ്ടായത് (by Malik Said Iftikhar uddin Mohammad bin Abu Nissar)പ്ലൂട്ടാർക്കിന്റെ "ജീവചരിത്രങ്ങൾ (Lives–1579) ഇംഗ്ലീഷിൽ പ്രസിദ്ധപ്പെടുത്തിയ സർ. തോമസ് നോർത്ത് (Sir Thomas North 1535 – 1601)ആണ് ഇതും (Fables of Pilpay) അവിടെ എത്തിച്ചത്. നോർത്തു പ്രസിദ്ധീകരിച്ച പ്ലൂട്ടാർക്കിന്റെ തർജ്ജമകളാണ്, ഷേക്സ്പിയർ, സ്വന്തം നാടകങ്ങളിൽ ചിലതിന്റെ ഇതിവൃ

ത്തബിന്ദുക്കളായി സ്വീകരിച്ചിട്ടുള്ളതെന്ന് ഓർമ്മിക്കുക! അതിനാൽ പഞ്ചതന്ത്ര കഥകൾ ഷേക്സ്പിയറും പരിചയപ്പെട്ടിരിക്കാം!

ഈസോപ്പ്

പാശ്ചാത്യനാടുകളിലെ ഏറ്റവും പ്രാചീനനായ ജന്തുകഥാകാരൻ ഈസോപ്പാണ്. അദ്ദേഹത്തിന്റെ കഥാകഥനത്തിനു പ്രചോദനമായതു പൗരസ്ത്യദേശത്തുനിന്നു പ്രസരിച്ച കഥകളായിരിക്കാമെന്നു ബലമായ അഭിപ്രായമുണ്ട്. സഞ്ചാരികളും വണിക്കുകളും, വാമൊഴിയായി ഭാരതീയകഥകളും ഗ്രീസിൽ എത്തിച്ചിരിക്കാം. ഒരു ജന്തുകഥ ചമച്ചതിനു ശിക്ഷയായി, അടിമയായിരുന്ന ഈസോപ്പിനെ അദ്ദേഹത്തിന്റെ ശത്രുക്കൾ ശിക്ഷിച്ചു ഡൽഫികുന്നിൽനിന്നു താഴേക്കു തള്ളിയിട്ടുകൊന്നാണ് ഒരൈതിഹ്യം.

പാശ്ചാത്യ ജന്തുകഥാകാരന്മാരുടെ ആചാര്യസ്ഥാനീയനായ ഈസോപ്പിന്റെ സ്വാധീനവും പ്രചാരവും ഇന്നും ക്ഷയിച്ചിട്ടില്ല. അദ്ദേഹത്തിന്റെതായി ആരോപിക്കപ്പെട്ടിട്ടുള്ള പല കഥകളുടെയും കർത്താവ് ഈസോപ്പ് ആയിരിക്കുകയില്ലെന്നാണു പണ്ഡിതന്മാരുടെ അഭിപ്രായം. ഇംഗ്ലണ്ടിൽ അച്ചടിവിദ്യയുടെ തുടക്കംകുറിച്ച ക്യാക്സ്റ്റൻ (William Caxton 1422 – 91) പ്രകാശനം ചെയ്ത ആദ്യത്തെ പുസ്തകങ്ങളിൽ ഒന്നായിരുന്നു ഇംഗ്ലീഷിലുള്ള 'ഈസോപ്പ് കഥകൾ'.

കഥാസരിത്സാഗരം

എ. ഡി. 11-ാം നൂറ്റാണ്ടിൽ കാശ്മീരത്തു ജീവിച്ചിരുന്ന സോമദേവന്റെ കൃതിയാണു കഥാസരിത്സാഗരം; ലോകസാഹിത്യത്തിനു ഭാരതം നൽകിയ മഹത്തായ സംഭാവനകളിൽ മറ്റൊരു പ്രധാനപ്പെട്ട കൃതി. ഇതിന്റെ പൂർണരൂപത്തിലുള്ള ഇംഗ്ലീഷ് പതിപ്പ് 1881-ൽ ടാണി (R.H. Tawney) പ്രസിദ്ധീകരിച്ചു. അതിനു മുമ്പ് 1839-ൽ ബ്രോക്കാസ് കുറെഭാഗങ്ങൾ ജർമനിയിൽ പ്രകാശിപ്പിച്ചിട്ടുണ്ട്.

ഏതാണ്ട് ഒരു നൂറ്റാണ്ടിനു മുമ്പു റഷ്യയിലെ ഭാരതീയ സംസ്കാര പഠനങ്ങളുടെ സ്ഥാപകരിലൊരാളായ കെ. ഐ. കോസോവിച്, ജീമൂതവാഹനന്റെ കഥ, റഷ്യനിലേക്കു വിവർത്തനം ചെയ്തതും ഇവിടെ പറയട്ടെ. ടാണിയുടെ തർജ്ജമയെ ആസ്പദമാക്കി വിശദമായ ഒരു പഠനം 1888-ൽ എസ്.എഫ്. ഓൾഡൻ ബർഗ് പ്രസിദ്ധപ്പെടുത്തിയിരുന്നു. ഇന്നു റഷ്യൻ ഭാഷയിൽ പൂർണരൂപത്തിൽ ഈ കൃതി ലഭ്യമാണ്. ഇഗോർ സെറബ്രിയക്കോവ് രചിച്ച ഒരു വിപുലമായ പഠനം, ഇരുപതുകൊല്ലത്തെ നിരന്തരമായ ഗവേഷണഫലം, പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു!

ഇതിഹാസപുരാണ കഥകളിൽനിന്നു വ്യത്യസ്തമായി മതചിന്തയുടെ പരിവേഷം ഒട്ടുംകലർത്താതെ ഇന്ത്യൻ സംസ്കാരത്തെയും, എല്ലാ ജീവിതമണ്ഡലങ്ങളിലേയും ജീവിതരീതികൾ ആചാരമര്യാദകൾ തുടങ്ങിയവയേയും പ്രതിഫലിപ്പിച്ചു രചിച്ചിട്ടുള്ളവയാണ് ഇതിലെ കഥകളെല്ലാം. ഇതിൽ ആകെയുള്ള മുന്നൂറ്റിനാല്പതോളം ഉപകഥകളിൽ ഏറിയ പങ്കും ഉത്തമങ്ങളായ ബാലകഥകളാണ്.

ഫ്രഞ്ചുഭാഷയിലെ ജന്തുകഥാകാരന്മാരിൽ പ്രമാണിയാണു ലാ ഫൊണ്ടേൻ, (Jean de La Fontaine: 1621 – 1695) – Real name: Jean Baptiste Poqelin: 1622 – 73) ആ കാലത്തു പാരീസിലുണ്ടായിരുന്ന സാഹിത്യപ്രമാണികളുടെ സുഹൃത്സംഘത്തിലെ അംഗമായിരുന്നു. കവിയെന്നനിലയിലും പ്രശസ്തനായെങ്കിലും അദ്ദേഹം ബാലകഥാചാര്യനെന്നനിലയിലാണ് അസാമാന്യവൈഭവം പ്രകടിപ്പിച്ചത്. പ്രകൃതിസിദ്ധവും ചൈതന്യവത്തും സാരഗർഭവുമായ കഥകളിൽ മനുഷ്യസ്വഭാവവിശേഷങ്ങൾ ചിത്രീകരിച്ചിട്ടുണ്ട്. വ്യക്തികളുടെ പൊങ്ങച്ചങ്ങളും വ്യാജവിദ്യകളും പൊള്ളയായ ഉപചാരക്രമങ്ങളും മൃദുലമോഹനമായവിധത്തിൽ ആക്ഷേപിക്കുന്നതാണു സവിശേഷത.

വർണനാഭംഗിയുള്ള സംഗീതാത്മകശൈലിയുടെ കാര്യവും എടുത്തുപറയണം. ആദ്യ ബാല കഥാപുസ്തകം 1664-ൽ ആണു പ്രസിദ്ധപ്പെടുത്തിയത്. ആറു വാല്യങ്ങളിലായി ബാലകഥകൾ ഇന്നു സമാഹരിച്ചിരിക്കുന്നു. 1678-ൽ പ്രസിദ്ധപ്പെടുത്തിയ ജന്തുകഥാ സമാഹാരത്തിന്റെ രണ്ടാം പതിപ്പിൽ ഭാരതീയ കഥകളോട് അദ്ദേഹത്തിനുള്ള കടപ്പാടും ആദരവും സ്വയം പ്രകടിപ്പിച്ചിട്ടുണ്ട്. ഫ്രഞ്ച് അക്കാദമിയിലെ അംഗമായി 1683-ൽ തെരഞ്ഞെടുത്തു അദ്ദേഹത്തെ.

ആൻഡേർസെൻ

ലോകബാലസാഹിത്യത്തിനു ഗണ്യമായ സംഭാവനകൾ ചെയ്തിട്ടുള്ള ഡാനിഷ് ഗ്രന്ഥകാരനാണ് ആൻഡേർസൻ. (Hans Christian Andersen, 1805 – 1875). "കൊച്ചു

സഞ്ചാരികളും വണിക്കുകളും, വാമൊഴിയായി ഭാരതീയ കഥകളും ഗ്രീസിൽ എത്തിച്ചിരിക്കാം. ജന്തുകഥ എഴുതിയതിനു ശിക്ഷയായി ശത്രുക്കൾ ഈസോപ്പിനെ കുന്നിൽനിന്നു താഴേക്ക് തള്ളിയിട്ടു കൊന്നു.

ജലകന്യക" (The Little Mermaid) "വിരൂപിയായ താറാക്കുഞ്ഞ്" (The Ugly Duckling)തുടങ്ങിയ കഥകളുമായി പരിചയപ്പെട്ടിട്ടില്ലാത്ത കുട്ടികൾ ചുരുങ്ങും. ആൻഡേർസെനിന്റെ ബാലകഥകൾ ഇംഗ്ലീഷിൽ ആറു വാല്യങ്ങളിലുണ്ട്. ലോകത്തിലെ മിക്കവാറും എല്ലാ ഭാഷകളിലും, തർജ്ജമയായും പുനരാഖ്യാനമായും കഥകൾ പലതും പ്രചരിച്ചിരിക്കുന്നു. വളരെ ജനപ്രീതിനേടിയ ചില യൂറോപ്യൻ കഥകളുടെ ഉൽഭവസ്ഥാനം ഭാരതീയ കഥകളാണെന്നായിരുന്നു ആൻഡേർസെനിന്റെ അഭിപ്രായം.

പാവക്കഥ

ഇറ്റാലിയൻ ഭാഷയിൽ വിരചിതമായ ഭാവനാസമ്പന്നമായ ഒരു കഥയാണല്ലോ "പിന്നോക്കിയോ" (Pinnochio) കൊള്ളോഡി (Collodi)എന്ന തൂലികാനാമത്തിലാണു പിന്നോക്കിയുടെ കർത്താവ് അറിയപ്പെടുന്നത്. കാർലോ ലോറൻസിനി (Carlolorenzini 1820 – 1890) എന്നായിരുന്നു യഥാർഥനാമം. ഒരു പാവ, ജീവനുള്ളതായിത്തീരുന്നതും തുടർന്നുള്ള സംഭവങ്ങളുമാണു പിന്നോക്കായോയുടെ മുഖ്യകഥാംശം.

കളവു പറയുമ്പോൾ അതിന്റെ മൂക്കു വീർത്തു വീർത്തു വലുതാകും. നേരുരയ്ക്കുമ്പോൾ സ്വയംചുരുങ്ങി പൂർവസ്ഥാനം പ്രാപിക്കും! വാൾട്ട് ഡിസ്നി (Walt Disney) ഹൃദ്യമായ ഒരു കാർട്ടൂൺ കഥയാക്കിയിട്ടുണ്ട് ഈ കൃതി (1943). കൊള്ളോടിയുടെ മറ്റുകഥകളും ബാലകൃതികളെന്നനിലയിൽ അന്യഭാഷകളിലെത്തിയിരിക്കുന്നു.

"ജെറുസലേം" (Jerusalem: Eng. Tr: V.S. Howard) എന്ന ഇതിഹാസ പരിവേഷമുള്ള സ്വീഡിഷ് നോവലിന്റെ രചയിതാവാണു ലാഗരോൾഫ് (Selma Ottilla Lovisa Lagerolf 1885 – 1940). ഇതിന് അവർക്കു നോബൽ സമ്മാനവും കിട്ടി (1909). എന്നാൽ ഇന്നും എന്നും അവർ ഓർമ്മിക്കപ്പെടുന്നത് ഒരു പ്രമുഖ ബാലസാഹിത്യകാരി എന്ന നിലയിലായിരിക്കും. "നീൽസിന്റെ അദ്ഭുതസാഹസങ്ങൾ" (The Wonderful Adventures of Nils) വളരെ പ്രസിദ്ധമാണ്; ജാലവിദ്യകൊണ്ടു സ്വീഡനിലുടനീളം സഞ്ചരിക്കുന്ന ഒരു സാഹസികബാലന്റെ കഥ. ഇതുപോലെ ഹൃദ്യങ്ങളായ വേറെ പുസ്തകങ്ങളും ഇവർ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ഗ്രിം സഹോദരന്മാർ

ലോകപ്രസിദ്ധരായ ഗ്രിം സഹോദരന്മാരുടെ (Jakob Ludwig Grimm: 1785 – 1863; Wilhelm Karl Grimm 1786 – 1859). ജർമ്മൻ ഭാഷയിലെ ഫെയറിക്കഥകൾ, തർജ്ജമയിലൂടെയും മറ്റും സ്ഥാനം പിടിച്ചിട്ടില്ലാത്ത അന്യഭാഷകൾ നന്നേ ചുരുക്കമാണ്. മാതൃഭാഷയിൽ മറ്റു നല്ലകൃതികളും ഇവർ പ്രസിദ്ധീകരിച്ചിരിക്കുന്നു. എങ്കിലും ഗ്രിം സഹോദരന്മാർ ബാലഗ്രന്ഥാലയങ്ങളിലെ വലിയ ശക്തികളായിട്ടാണു വർത്തിക്കുന്നത്. ഫെയറിക്കഥകളിലൂടെ അനശ്വരരായിത്തീർന്നിരിക്കുന്നു ഗ്രിം സഹോദരന്മാർ.

റഷ്യൻഭാഷയിലെ ഏറ്റവും പ്രശസ്തനായ ജന്തുകഥാകാരൻ ക്രീലോഫ് (Ivan Andreyevich Krylou: 1769 – 1844) ആണ്. റഷ്യൻഭാഷയിലെ "ക്ലാസിക്" - എന്ന പദ

വി ഇദ്ദേഹത്തിന്റെ ബാലകഥകൾക്കുണ്ട്. ഇരുപതാം വയസു മുതൽ സാഹിത്യപ്രവർത്തനം തുടങ്ങി. കുറെനാൾ രാജകുമാരന്റെ സെക്രട്ടറി, പത്രപ്രവർത്തകൻ, നാടക രചയിതാവ് എന്നീ നിലകളിൽ പയറ്റിനോക്കിയശേഷമാണു ബാലകഥാ രചനയിലേക്കു കടന്നത്. ആദ്യത്തെ കഥകൾ ലാ ഫൊണ്ടേനിന്റെ തർജ്ജമകളായിരുന്നു.

പിന്നീടു സ്വന്തം രചനകളാണു നടത്തിയത്. ആകെ ഒമ്പതു വാല്യങ്ങളിൽ അവ സമാഹരിച്ചിരിക്കുന്നു. കഥകളിൽ ചിലതിന്റെ ആംഗല പരിഭാഷ റാൽസ്റ്റനും (W.R.S. Ralston – 1869). പിന്നീടു പരേസും (Sir Bernard Pares – 1927). പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. റഷ്യൻ ഗ്രാമീണ കർഷകരുടെ സംഭാഷണ ഭാഷാശൈലിയുടെ ശാലീനത സ്വാംശീകരിച്ചിട്ടുണ്ട് മിക്ക ബാലകഥകളിലും.

ഇംഗ്ലീഷിൽ

അച്ചടിയുടെ ആരംഭം മുതൽ പതിനെട്ടാം നൂറ്റാണ്ടിന്റെ പൂർവാർദ്ധംവരെ ഇതര പ്രസിദ്ധീകരണങ്ങളിൽനിന്നു വേർതിരിഞ്ഞു പ്രത്യേകമായ ഒരു പ്രവർത്തനമായിരുന്നില്ല ഇംഗ്ലീഷിലെ ബാലകൃതികളുടെ പ്രകാശനം. ആകെയുള്ളതിന്റെ ഒരംശം എന്നതിൽ കവിഞ്ഞ് ആരും അതിൽ ശ്രദ്ധിച്ചില്ല. നിശ്ചിതസ്വഭാവത്തോടുകൂടിയ ബോധപൂർവമുള്ള ഒരു പ്രവർത്തനമായിരുന്നില്ലെന്നർത്ഥം. പുസ്തകപ്രസാധനത്തിൽ വന്ന വളർച്ചയും ബാല്യകൗമാരകാല വിദ്യാഭ്യാസത്തെ സംബന്ധിച്ച് ഇടത്തരക്കാരുടെയിടയിലുണ്ടായ നവീനാശയസ്വീകരണപ്രതിപത്തിയും നിശ്ചിതവും ലക്ഷ്യബോധമുള്ളതുമായ ബാലസാഹിത്യകൃതികൾക്കു കൂടുതൽ ആവശ്യം (Demand) ഉണ്ടാക്കി. വൈവിദ്ധ്യവും വൈചിത്ര്യവുമുള്ള രസപ്രദങ്ങളായ ഗ്രന്ഥങ്ങൾ പുറപ്പെടുവിക്കുന്നതിനു പ്രസാധകന്മാർ തല്പരരായിത്തീർന്നു.

ഈ രംഗത്തെ പുരോഗാമിയെന്നു പരിഗണിക്കുന്നതു ന്യൂബെറിയെ (John Newberry 1713 – 1767) ആണ്. അദ്ദേഹത്തിന്റെ ബാലസാഹിത്യ പദ്ധതിയുടെ പ്രാരംഭം 1744-ൽ ആണെന്നു പറയാം. (A Little Pretty Pocket Book – Series). ന്യൂബെറി സ്ഥാപിച്ച അടിസ്ഥാനത്തിൽ, വിപുലമായ ബാലസാഹിത്യസൗധം പടുത്തുയർത്തുന്നതിനു പിന്നീടു പ്രസാധകന്മാർക്കു സാധിച്ചു. ന്യൂബെറിയുടെ നാമധേയത്തിലാണ് അമേരിക്കൻ ഐക്യനാടുകളിലെ ഏറ്റവും പ്രധാനപ്പെട്ട ബാലസാഹിത്യ പുരസ്ക്കാരങ്ങളിലൊന്ന് ഏർപ്പെടുത്തിയിരിക്കുന്നത്.

ഗണ്യമായസേവനം

പത്തൊമ്പതാം നൂറ്റാണ്ടിൽ ആംഗലഭാഷയിലെ ബാലസാഹിത്യത്തിനു ഗണ്യമായ സേവനം നൽകിയ പ്രസാധകന്മാരിൽ പ്രമാണിയാണു ജോൺ ഹാരീസ്. ആ നൂറ്റാണ്ടിന്റെ മധ്യമായപ്പോഴേക്കും ഇംഗ്ലീഷ് ഭാഷയിൽ ബാലകൃതികളുടെ ബാഹുല്യവും പ്രകടമായിത്തീർന്നു. പ്രത്യേകം പ്രത്യേകം പ്രായമുള്ള വിഭാഗങ്ങൾക്കു ശ്രദ്ധാപൂർവം തയ്യാറാക്കുന്ന പുസ്തകങ്ങൾക്ക് ഒട്ടും ക്ഷാമമില്ലാതായി. ഇതര യൂറോപ്യൻ ഭാഷകൾക്കു മാതൃകയാകത്തക്ക നിലവാരം നേടാനും ഇവയ്ക്കു സാധിച്ചു.

പുസ്തകം, ചിത്രകഥ, ചലച്ചിത്രം, ടെലിവിഷൻ പരമ്പര എന്നിങ്ങനെ വിവിധ വിധങ്ങളിൽ ടാർസന്റെ പരാക്രമങ്ങൾ കോടാനുകോടി ബാലികാബാലന്മാരെ രസിപ്പിച്ചു. ഇപ്പോഴും രസിപ്പിക്കുന്നു. ഇത്രയേറെ ഭാഷകളിൽ ഇത്രയേറെ ആളുകളെ ആകർഷിച്ച കൃതികൾ വേറെ വളരെയില്ല.

മനഃപൂർവം കുട്ടികൾക്കുവേണ്ടി ഇംഗ്ലീഷിൽ ഒരു നോവൽ രചിച്ചത്, സാറാ ഫീൽഡിംഗ് (Sarah Fielding 1710 – 1768) ആണ്. അത് 1749-ൽ പ്രസിദ്ധപ്പെടുത്തി. (The Little Female Academy or the Governess) അവർക്കുവേണ്ടി എഴുതിയതല്ലെങ്കിലും കുട്ടികളുടെ താല്പര്യം ആകർഷിച്ച എത്രയെത്ര നോവലുകളുണ്ട്, ഇംഗ്ലീഷ് ഭാഷയിൽ. റോബിൻസൺ ക്രൂസോ (Robinson Crusoe by Daniel Defoe: 1660 – 1731). ഗള്ളിവറുടെ സഞ്ചാരങ്ങൾ (Gullever's Travells by Jonathan Swift: 1667 – 1745) നിധി ദ്വീപ് (The Treasure Island by R.L. Stevenson 1850 – '94) തുടങ്ങിയവ കൗമാരപ്രായക്കാർക്കു മാത്രമല്ല പ്രിയപ്പെട്ട വയായിത്തീർന്നത്.

രണ്ടു പേർ

അമേരിക്കൻ ഐക്യനാടുകളിൽ ലൂയിസാ ആൽക്കോട്ട് The Little Women by Louisa Alcott 1832 – '88) മാർക് ടയിൻ (Adventures of Tom sawyer by Mark Twain ie Samuel Langhorne Clemens 1835 – 1910) തുടങ്ങിയവരുടെ കാര്യവും ഇവിടെ സ്മരിക്കട്ടെ. ഇവരുടെ കൂട്ടത്തിൽപെടുത്താവുന്ന മറ്റു രണ്ടു പേരാണു ഹാരീസും ബറോസും. നീഗ്രോ വംശജരുടെ ജീവിതഗന്ധികളായ നാടൻകഥകളുടെയും പ്രാസഗാനങ്ങളുടെയും (Rhymes) രചയിതാവാണു ഹാരീസ്. (Joel chandler Harris 1848 – 1908). അദ്ദേഹത്തിന്റെ Uncle Remus, Brer Rabbit തുടങ്ങിയ കഥാപാത്രങ്ങളെ മറക്കാനൊക്കുകയില്ല. ടാർസന്റെ സ്രഷ്ടാവാണു ബറോസ് (Edgar Rice Burroughs 1875 – 1950). യുവാക്കളും എന്തിനും മുതിർന്നവരും ടാർസന്റെ ആരാധകരിൽപെടുന്നു. ഗ്രന്ഥകാരനെക്കാൾ പ്രസിദ്ധി നേടിയിട്ടുണ്ട് ആ കഥാപാത്രം.

മറ്റു പലരംഗങ്ങളിലും പരാജയവും നിരാശയും നേരിട്ടപ്പോൾ മുക്തിക്കായി, അന്നു മുപ്പത്തിയേഴു വയസുണ്ടായിരുന്ന ബറോസ്, ടാർസന്റെ കഥാപരമ്പര എഴുതാനാരംഭിച്ചു. ടാർസന്റെ സാഹസകൃത്യങ്ങളുടെ അരങ്ങും പശ്ചാത്തലവും ആഫ്രിക്കൻ വൻകാടുകളാണ്. വേറെ ചില ശാസ്ത്രകഥകളും ബറോസ് ചമച്ചിട്ടുണ്ട്. അവയുടെ അരങ്ങ് ചൊവ്വാഗ്രഹവും. രണ്ടു സ്ഥലങ്ങളും ഒരുതവണയെങ്കിലും ബറോസ് സന്ദർശിച്ചിട്ടില്ലെന്നുള്ളതാണു രസകരമായ സത്യം!

ടാർസൻ

പുസ്തകം, ചലച്ചിത്രം, ചിത്രകഥ, ടെലിവിഷൻ പരമ്പര എന്നിങ്ങനെ വിവിധ വിധങ്ങളിൽ ടാർസന്റെ പരാക്രമങ്ങൾ കോടാനുകോടി ജനങ്ങളെ - പ്രത്യേകിച്ചു ബാലികാബാലന്മാരെ - രസിപ്പിച്ചിട്ടുണ്ട്; രസിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇത്രയേറെ ജനങ്ങളെ, ഇത്രയേറെ ഭാഷകളിൽ ഹഠാദാകർഷിച്ചിട്ടുള്ള കൃതികൾ വേറെ വളരെയില്ല!

ബാലികാബാലന്മാർ വായിക്കുവാൻ ഇഷ്ടപ്പെടുന്ന വളരെ കൃതികൾ രചിച്ചിട്ടുള്ളവരാണ് എനിഡ് ബ്ലൈടൻ (Enid Blyton) പ്രചുര പ്രചാരംനേടിയിട്ടുള്ള നാല്പതോളം പുസ്തകങ്ങൾ ഈ ലേഖകന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

ഇവിടെ പറഞ്ഞ സാഹിത്യനായകന്മാരെ കൂടാതെ എടുത്തു പറയേണ്ട എത്രയോ ആളുകളുണ്ട് അതതു ഭാഷകളിൽ! അന്യ സാഹിത്യശാഖകളിൽ ദീപസ്തംഭങ്ങളായിത്തീർന്നിട്ടുള്ള എത്രയെത്ര മഹാന്മാരുണ്ട്, അസാമാന്യവും അതീവഹൃദ്യവുമായ ബാലകൃതികൾ രചിച്ചവരായിട്ട്! ഇവരെയൊക്കെ സ്മരിക്കുവാൻപോലും ഇവിടെ ഇടമില്ല!

നല്ല കൃതികൾ

കവിത, നാടകം, കഥ തുടങ്ങിയ കൃതികളേക്കുറിച്ചേ ഇവിടെ സ്പർശിച്ചിട്ടുള്ളു. എന്നാൽ ബാലസാഹിത്യം അവകൊണ്ടു പൂർണമല്ല. ശാസ്ത്രം, ചരിത്രം, സാങ്കേതികവിദ്യകൾ തുടങ്ങിയ മേഖലകളിലെ വസ്തുതകൾ വിശദമായും ലളിതമായും പ്രസക്തവുമായും അവതരിപ്പിക്കുന്ന ബാലകൃതികൾ മറ്റുള്ളവയെപ്പോലെതന്നെ കുട്ടികൾക്കും ആവശ്യമാണ്. ആധികാരികങ്ങളും ആകർഷകങ്ങളുമാംവിധം അത്തരം വിഷയങ്ങൾ പ്രതിപാദിക്കുന്ന എത്രയോ നല്ല കൃതികൾ ഇംഗ്ലീഷിലും ഇതര യൂറോപ്യൻ ഭാഷകളിലും ലഭ്യമാണ്.

റഷ്യൻ പ്രസിദ്ധീകരണങ്ങൾ എടുത്തു പറയേണ്ടവയത്രേ. റഷ്യയിൽ നിർമ്മിക്കുന്ന എത്രയെത്ര ബാലചലച്ചിത്രങ്ങളുണ്ട്, ലോകപ്രശസ്തി നേടിയിട്ടുള്ളവയായി. അതുപോലെ മാന്യമായ നിലവാരം ആർജ്ജിച്ചിട്ടുള്ളവയാണു റഷ്യയിൽ പ്രസിദ്ധീകരിക്കാറുള്ള ബാലസാഹിത്യകൃതികൾ. ബാലികാബാലന്മാരുടെ ഭാവന വികസിപ്പിക്കാനും അവർക്കു ഭാവിയെക്കുറിച്ച് ആശയും

ആത്മവിശ്വാസവും വർദ്ധിപ്പിക്കാനും ഈ പുസ്തകങ്ങൾ സഹായിക്കുന്നുണ്ട്.

കുഞ്ഞൻനമ്പ്യാർ

മലയാളത്തിൽ ബാലസാഹിത്യത്തിന്റെ തുടക്കം കുറിച്ചതു കുഞ്ഞൻനമ്പ്യാരാണ്. അദ്ദേഹത്തിന്റെ ശ്രീകൃഷ്ണചരിതം മണിപ്രവാളവും പഞ്ചതന്ത്രം കിളിപ്പാട്ടും ബാലികാബാലന്മാർക്കായി ചമച്ചവയാണ്. വിദ്യാഭ്യാസത്തിന്റെ പ്രാരംഭത്തിൽ, ഭാഷാപഠനത്തിനുള്ള അസ്ഥിവാരമിടുന്നതിനു മുൻകാലങ്ങളിൽ സ്വീകരിച്ചിരുന്ന കൃതിയായിരുന്നു ശ്രീകൃഷ്ണചരിതം. കൗതുകമാർന്ന സംഭവപരമ്പരകൾ കാവ്യഭംഗിയും ഗാനാത്മകതയും തുളുമ്പുന്ന രചനാശൈലിയിൽ അതിൽ അവതരിപ്പിച്ചിരിക്കുന്നു. സരളമെങ്കിലും ആധികാരികത്വത്തിനു മങ്ങലേൽക്കാത്ത പദപ്രയോഗപ്രമാണങ്ങൾ പ്രദർശിപ്പിക്കുന്ന ഭാഷ.

ഇങ്ങനെ എല്ലാംകൊണ്ടും ഉത്തമമായ ഈ കൃതി കുട്ടികളും മുതിർന്നവരും മടുപ്പു കൂടാതെ വായിക്കും; പഠിക്കും. കുട്ടികളെ സാഹിത്യത്തിലേക്കു കൈപിടിച്ചു കടത്തിവിട്ടിരുന്നു ഈ മനോഹരമായ കൃതി. മഹത്തായ മറ്റു പലതുമെന്നപോലെ ഇതും ഇന്ന് അവഗണനയ്ക്കു വിധേയമായിരിക്കുന്നു. തലമുറതലമുറകളായി ബാലികാബാലന്മാരെ രസിപ്പിക്കുകയും അവരുടെ വിചാരങ്ങളെ സ്വാധീനിക്കുകയും ഭാവനയെ പോഷിപ്പിക്കുകയും ചെയ്തിട്ടുള്ള എത്രയെത്ര അമ്മൂമ്മക്കഥകളും നാടോടിക്കഥകളും ഐതിഹ്യങ്ങളും ചൊല്ലുകളുമാണു സമാഹരിച്ചു സംഭരിക്കുവാൻ ഇടയാകാതെ മലയാളത്തിനു നഷ്ടപ്പെട്ടിട്ടുള്ളത്.!

മക്കളെ കഥപറഞ്ഞു രസിപ്പിക്കുന്ന ശീലമുള്ള അമ്മമാരുടെയും അമ്മൂമ്മമാരുടെയും തലമുറകളുമില്ലാതായി. അതോടെ വാമൊഴിയായി വളർന്ന്, എന്നും പൂവണിഞ്ഞുകൊണ്ടിരുന്ന ഒരു ഹരിതമേഖല വാടിയുണങ്ങി. കുട്ടികളോടു കഥപറയാനുള്ള അവകാശം, വിരുന്നുമുറിയിൽ പ്രതിഷ്ഠിച്ച വിഡ്ഢിപ്പെട്ടിയ്ക്കും മുഖംമറച്ചു മിണ്ടുന്ന റേഡിയോയ്ക്കും തീറുകൊടുക്കുകയും ചെയ്തു!

മാസികകൾ

മാത്യു എം. കുഴിവേലിയെപ്പോലെയുള്ള ചില ആളുകളുടെ താല്പര്യമാണ്, മലയാളത്തിൽ ആധുനിക ബാലസാഹിത്യ പ്രവർത്തനങ്ങളുടെ പശ്ചാത്തലമൊരുക്കിയത്. ആധുനിക പ്രവണതകളും ലക്ഷ്യങ്ങളും കൈവിടാതെ ഇവരൊക്കെ ആത്മാർത്ഥതയോടും അർപ്പണ മനോഭാവത്തോടും പ്രവർത്തിക്കുവാൻ രംഗത്തുവന്നു.

സാഹിത്യപ്രധാനങ്ങളായ ആനുകാലികങ്ങളിൽപോലും ബാലപംക്തികൾ അന്നു തുടങ്ങിയിരുന്നില്ല. അതൊക്കെ ക്രമേണ നടപ്പിൽവന്നു. ബാലമാസികകളുടെ പ്രസിദ്ധീകരണം മറ്റൊരു കാൽവെയ്പായി. ജനങ്ങൾക്കു ബാലസാഹിത്യത്തിലും കുട്ടികൾക്കു വായിക്കുവാൻപറ്റിയ കൃതികൾ ഉണ്ടാകുന്നതിലും താല്പര്യം വർദ്ധിച്ചു.

ബാലമാസികകളുടെ ഇന്നത്തെ പ്രചാരം അതിന്റെ ഒരു സൂചനയാണ്. ഇവയുടെ ഉള്ളടക്ക നിലവാരത്തെപ്പറ്റി ഭിന്നാഭിപ്രായങ്ങളുണ്ട് - ജനങ്ങൾക്കിടയിലും വിദഗ്ദ്ധന്മാരുടെയിടയിലും. ബാലസാഹിത്യം ഒരു ബിസിനസായി സ്വീകരിക്കുന്നവർ, അതിനെ സ്വാർഥ താല്പര്യപുരോഗതിക്കുവേണ്ടി മാത്രമുതകുന്ന ബാലിശ സാഹിത്യമാക്കരുതെന്നേ. ഒരു അഭ്യർഥനയുള്ളു.

കൃതികൾ

നമ്മുടെ ബാലസാഹിത്യകാരന്മാരെക്കുറിച്ച് ഇവിടെ ഒരു വിലയിരുത്തലിനോ അതുപോലെയുള്ള കാര്യങ്ങൾക്കോ ശ്രമിക്കേണ്ട ആവശ്യമില്ല. പ്രയോജനകരങ്ങളും ഹൃദ്യങ്ങളുമായ കൃതികൾ മലയാളത്തിലുണ്ട്. കഥകളും കവിതകളും ഒട്ടും കുറവല്ല. ബാലനാടകങ്ങൾ താരമ്യേന കുറവുതന്നെ. വിജ്ഞാനശാഖകളിൽ ചില നല്ലകൃതികളും നമുക്കുണ്ട്. ഒരു ശാസ്ത്രമാസികപോലും കുട്ടികൾക്കുവേണ്ടിയുണ്ടല്ലോ.

നമ്മുടെ പ്രശസ്തരായ കവികളിൽ പലരും ബാലഹൃദയങ്ങളിൽ മാത്രമല്ല, പ്രായംചെന്നവരിലും മധുരപകരുന്ന ബാലകവിതകൾ ലഭ്യമാക്കിയിരിക്കുന്നു. ബാലസാഹിത്യം ശക്തിപ്പെടുത്തുന്നതിനു പ്രത്യേകമായി ശ്രമിക്കുന്ന സ്വകാര്യസ്ഥാപനങ്ങളും സർക്കാർ ഏർപ്പാടുകളും ഇന്നു നിലവിലുണ്ട്. സ്വകാര്യസ്ഥാപനങ്ങൾ അവരുടെ ലാഭനഷ്ടങ്ങൾ നോക്കിയാണു പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്യാറുള്ളത്. അതിൽ മറ്റുള്ളവർക്ക് ഇടപെടാൻ വഴിയൊന്നുമില്ല.

എന്നാൽ സർക്കാർ സ്ഥാപനങ്ങളുടെ കഥ അങ്ങനെയല്ല. അവയിൽ മുടക്കുന്ന മുതലിനും മൂലധനത്തിനും ആനുപാതികമായ നേട്ടങ്ങളെങ്കിലും ഉണ്ടാകുന്നുണ്ടോയെന്നു നോക്കാൻ ജനങ്ങൾക്ക് അവകാശമുണ്ട്.

മക്കളെ കഥപറഞ്ഞു രസിപ്പിക്കുന്ന ശീലമുള്ള അമ്മമാരുടെയും അമ്മൂമ്മമാരുടെയും തലമുറകൾ ഇല്ലാതായി. വാമൊഴിയായി വളർന്ന് എന്നും പൂവണിഞ്ഞു കൊണ്ടിരുന്ന ഒരു ഹരിത മേഖല വാടിയുണങ്ങി. കുട്ടിയോടു കഥ പറയാനുള്ള അവകാശം 'വിഡ്ഢിപ്പെട്ടി'ക്കു തീറു കൊടുക്കുകയും ചെയ്തു!

സുസംഘടിതവും സുസജ്ജവുമായ ബാലഗ്രന്ഥശാലാപ്രസ്ഥാനം വളർത്തുവാൻ ആദ്യം തയ്യാറായത് അമേരിക്കൻ ഐക്യനാടുകളിലാണ്. ബാലസാഹിത്യത്തിൽ പുരസ്കാരങ്ങൾ ഒന്നാമതായി ഏർപ്പെടുത്തിയതും അവിടെത്തന്നെ. എഴുത്തുകാർക്കും പുസ്തകചിത്രകാരന്മാർക്കും വേറെവേറെ പുരസ്കാരങ്ങൾക്കു വ്യവസ്ഥയുണ്ട്. എഴുത്തുകാർക്കു ന്യൂബെറിയുടെ നാമത്തിൽ 1922 മുതലും ചിത്രകാരന്മാർക്കു കാൽഡിക്കോട്ടിന്റെ (Caldecott) പേരിൽ 1938 മുതലുമാണു സ്വർണപ്പതക്കങ്ങൾ കൊടുത്തുതുടങ്ങിയത്.

ഇംഗ്ലണ്ടിലും ഇതുപോലെ സമ്മാനപദ്ധതികളുണ്ട്; ഗ്രന്ഥരചയിതാവിന് 1936 മുതൽ കാർ നീശിപതക്കവും ചിത്രകാരന് 1956 മുതൽ ഗ്രീൻവേ (Kate Greenway) പതക്കവും. ബാലകൃതികളിൽ പ്രസക്തവും ഉദാത്തങ്ങളുമായ ഉത്തമചിത്രങ്ങൾ രചിക്കുന്നതിൽ അസാമാന്യ വൈഭവം ആർജ്ജിച്ച കലാകാരിയായിരുന്നു കേറ്റ് ഗ്രീൻവേ (Kate Greenway. 1846 – 1901). കുട്ടികളുടെ സ്വഭാവസവിശേഷതകളെ തൃപ്തിപ്പെടുത്തുവാൻ സാധിക്കുന്നവയായിരുന്നു അവരുടെ ചിത്രീകരണങ്ങളധികവും.

ചെറുപ്പക്കാർക്കുള്ള അന്തർദ്ദേശീയ പുസ്തകസഭ (International Board on Books for Young People) 1953-ൽ സ്ഥാപിതമായി. അവരുടെ ആഭിമുഖ്യത്തിൽ ബാലസാഹിത്യകൃതിക്ക് ഒരു അന്തർദ്ദേശീയ സമ്മാനവും ഏർപ്പെടുത്തിയിരിക്കുന്നു. ആൻഡേർസൻപതക്കം (Andersen Medal) എന്നറിയപ്പെടുന്ന ഈ ബഹുമതി, ലോകത്തെമ്പാടുമുള്ള ജനങ്ങളുടെ ബാലസാഹിത്യത്തിലുള്ള താല്പര്യത്തിന്റെ മുദ്രയാണു വഹിക്കുന്നത്. മലയാളത്തിൽ സാഹിത്യ അക്കാദമിയും കൈരളീ ബാലസാഹിത്യ സംഘടനയും സമ്മാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതും ഇവിടെ സ്മരിക്കട്ടെ.

വളർച്ച

ആധുനിക സാങ്കേതിക നേട്ടങ്ങളുടെ ഫലമായി മാധ്യമങ്ങളുടെ വൈവിധ്യം എത്രയാണു വർദ്ധിച്ചിരിക്കുന്നത്! അച്ചടിയുടെ വളർച്ച പുസ്തകത്തെ സമസ്തജനങ്ങൾക്കും സ്വീകരിക്കാവുന്ന ഒരുപഭോഗവസ്തുവാക്കി മാറ്റി. റേഡിയോ, ടിവി, സിനിമ, ആഡിയോ കാസറ്റ്, വീഡിയോ കാസറ്റ്, കംപ്യൂട്ടർ തുടങ്ങി ഏതെല്ലാം രൂപത്തിലും ഭാവത്തിലും ബാലസാഹിത്യം ലഭ്യമാക്കിത്തീർക്കുന്നു!

ബാലസാഹിത്യത്തിന്റെ സ്വാധീനമേഖല അതിവിപുലമായിരിക്കുകയാണ്. മുമ്പൊരിക്കലും സ്വപ്നംകാണാൻപോലും സാധിക്കാത്തവിധത്തിൽ ബാലകൗമാരപ്രായക്കാരുടെ മനസിൽ ആഞ്ഞിറങ്ങുന്നതിനുള്ള ശക്തി ആധുനിക സാങ്കേതികവിദ്യകൾ ബാലസാഹിത്യത്തിനു സമ്മാനിച്ചിരിക്കുന്നു. ബഹുജനസുഖത്തിനുതകത്തക്കവിധത്തിൽ ഇവയൊക്കെ ഉപയോഗപ്പെടുത്തുമോ, എന്നുള്ളതാണ് ഇന്നത്തെ ചോദ്യം. ○